(സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കേന്ദ്രമാക്കി പടന്നക്കാട് കാർഷിക കോളേജിൽ നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവിനായി ആകെ 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വിൽപന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു. ഇതിനുപുറമെ കാർഷിക സർവ്വകലാശാലയുടെ ഔട്ട് ലെറ്റുകളിലൂടെയും നീരയും കേര ചക്കരയും കേരജാമും വിപണനം ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും സംഘടിപ്പിച്ചതായി കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേര കർഷകർക്കുള്ള പ്രോത്സാഹന സഹായ പദ്ധതികൾ

167 (1542) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് സർക്കാർ നല്കുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) തേങ്ങ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ഏതെല്ലാം ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നതെന്നും ഇവ എവിടെ ലഭ്യമാകുമെന്നും അറിയിക്കുമോ;

(സി) ആധുനിക കൃഷി രീതികൾ കേരകർഷകർക്ക് ലഭ്യമാകുന്നതിന് നല്കുന്ന പരിശീലന പരിപാടികളും പരിശീലന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേര ഗ്രാമം' എന്ന പദ്ധതി 2014-15 വർഷം മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി

LIBRARY ARCHIVES Kerala Legislative Assembly

ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേര ഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേര ഗ്രാമത്തിന് 100 എണ്ണം വരെ നൽകുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ 20 ഹെക്ടറിലേക്കായി 5 ലക്ഷം രൂപയും തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപയും (യൂണിറ്റൊന്നിന് 10,000 രൂപ) നൽകി വരുന്നു. കൂടാതെ പദ്ധതിച്ചെലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പഞ്ചായത്തുതല കേര അപെക്സ് സൊസൈറ്റിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

കൂടാതെ ഇടുക്കി ജില്ലയിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന 'ഇടുക്കി പാക്കേജ് ' പദ്ധതി പ്രകാരം 2015-16-ൽ സംയോജിത തെങ്ങുകൃഷി വികസന പദ്ധതിക്കായി (2-ാം വർഷം) ഹെക്ടറിന് 7,500 രൂപ നിരക്കിൽ 60.375 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) തേങ്ങ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് WCT, കുറിയ ഇനം, സങ്കര ഇനം (TxD, DxT) എന്നീ ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നത്. ഇവ സർക്കാർ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്യുന്നു.

(സി) ആധുനിക കൃഷി രീതികൾ സംബന്ധിച്ച അറിവ് കേര കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ കൃഷിഭവനുകൾ മുഖേന നൽകി വരുന്നുണ്ട്. ശാസ്ത്രീയ തെങ്ങ് കൃഷി, തെങ്ങുകൾക്കുണ്ടാകുന്ന വിവിധ രോഗ-കീടബാധകളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങളും, തെങ്ങുകയറ്റ യന്ത്രങ്ങളുടെയും മറ്റ് യന്ത്രങ്ങളുടെയും ഉപയോഗം, ശാസ്ത്രീയ ജലസേചന രീതികൾ, നീര ഉൾപ്പെടെയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, തെങ്ങിൻ തോട്ടങ്ങളിലെ ഇടവിള കൃഷി, കമ്പോസ്റ്റ് നിർമ്മാണം എന്നീ വിഷയങ്ങൾ സംബന്ധിച്ച പരിശീലന പരിപാടികളാണ് കർഷകർക്ക് നൽകി വരുന്നത്. എല്ലാ ജില്ലകളിലുമുള്ള കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിലുള്ള പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ, കൃഷി വകുപ്പിന്റെ കീഴിൽ പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലുള്ള ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ, കാസർഗോഡ്, ആലപ്പുഴ ജില്ലകളിലെ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനങ്ങൾ, നാളികേര വികസന ബോർഡ്, കൊച്ചി, കേരള കാർഷിക സർവ്വകലാശാലയുടെ

LIBRARY ARCHIVES Kerala Legislative Assembly.

ഗവേഷണ കേന്ദ്രങ്ങൾ, ജില്ലാതല ആത്മ, സമേതി തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളും കേര കർഷകർക്ക് ആധുനിക കൃഷി രീതികൾ സംബന്ധിച്ചുള്ള പരിശീലനം നൽകി വരുന്നുണ്ട്.

ഏലം കർഷകർക്കുള്ള കർമ്മ പദ്ധതി

168 (1543) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏലം കർഷകരെ സഹായിക്കുന്നതിനും ഏലത്തിന്റെ വില മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2012 മുതൽ ഓരോ വർഷത്തെയും ഏലയ്ക്കയുടെ ശരാശരി വിപണി വില ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏലത്തിന് ഇപ്പോൾ ലഭിക്കുന്ന വില കുറവാണ് എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഏലത്തിന്റെ വിപണി വില കുറയാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) ഏലത്തിന്റെ വിപണി വില മെച്ചപ്പെടുത്തി കർഷകരെ സഹായിക്കുന്നതിനായി പുതിയ കർമ്മപദ്ധതി ആവിഷ്കരിക്കുമോ;

(എഫ്) കടത്തിൽപ്പെട്ട ഏലം കർഷകരുടെ കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി ഉണ്ടാകുന്ന നാണ്യവിളകളുടെ (കുരുമുളക്, കൊക്കൊ, കാപ്പി, അടയ്ക്ക, ഇഞ്ചി) വിലയിടിവിന് പരിഹാരമായി കർഷകർക്ക് സഹായധനം നൽകുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽ 2011-12 വർഷം ഏലം കൂടി ഉൾപ്പെടുത്തിക്കൊണ്ട്, ഒരു കോടി രൂപ കോർപ്പസ് ഫണ്ടായി നിക്ഷേപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഏലം കർഷകരെ സഹായിക്കുന്നതിനായി, ഏലം രജിസ്ട്രേഷൻ ഒരു വർഷം മാത്രമായിരുന്നത് സംസ്ഥാന സർക്കാർ 24-4-2015-ലെ

LIBRARY ARCHIVES Kerala Legislative Assembly